Patron
Mar Sebastian Pozholiparamibil
Bishop of Hosur

Chief Editor
Fr. Arun Chakkalackal
Mob. 9840386758

Published By
Msgr. Varghese Pereppadan
Bishop's Office
St. Thomas Pastoral Center
#16, Ayanavaram Road,
Ayanavaram, Chennai-23

Printed at: Sunitha Printers

(Private Circulation Only)

# B U L L E T I N
# DIOCESE OF HOSUR

Bishop's Office
St. Thomas Pastoral Center
#16, Ayanavaram Road, Ayanavaram
Chennai-600023
E-mail: hosurdiocese@gmail.com

## ഉള്ളടക്കം

ഇടയശബ്ദം .......... 2
സിബിസിഐ 33-ാം ജനറൽ ബോഡി .......... 3
കച്ചേരികാര്യങ്ങൾ .......... 10
സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ് .......... 13
പിതൃവേദി ജനറൽ ബോഡി .......... 13
സെമിനാരി വാർത്തകൾ .......... 14
മതബോധനം .......... 16
റിലീജിയസ് കോർണർ .......... 17
പാസ്റ്ററൽ കൗൺസിൽ - റിപ്പോർട്ട് .......... 18
Palm Sunday Collection .......... 19
ഇടയന്റെ ഇന്നലെകൾ .......... 20
ഇടയന്റെ നാളെകൾ .......... 20

# ഇടയശബ്ദം



പ്രിയ ഹൊസൂർ രൂപതാകുടുംബാംഗങ്ങളെ,

ഹൊസൂർ രൂപത രൂപംകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ നിങ്ങൾ നല്കിക്കൊണ്ടിരിക്കുന്ന വലിയ സഹകരണത്തിന് ഞാൻ പ്രത്യേകം നന്ദി പറയുകയാണ്. അഞ്ചു മാസം പൂർത്തിയാക്കുന്നതിനിടയിൽ വിവിധ ഇടവകകളിലായി നിങ്ങളുടെ ഭവനങ്ങൾ സന്ദർശിക്കുവാനും അനേകം കുടുംബക്കൂട്ടായ്മകളിൽ പങ്കെടുക്കുവാനും അവസരം ലഭിച്ചത് വലിയ ഭാഗ്യമായി ഞാൻ കരുതുന്നു. നിങ്ങളുടെ കുടുംബക്കൂട്ടായ്മകൾ ഞാൻ പ്രതീക്ഷിച്ചിരുന്നതിലും പതിന്മടങ്ങ് ശക്തമാണെന്ന് എനിക്ക് ബോദ്ധ്യപ്പെട്ടു. എല്ലാ വികാരിയച്ചന്മാരെയും സിസ്റ്റേഴ്സിനേയും അത്മായ നേതൃത്വത്തെയും ഞാൻ അഭിനന്ദിക്കുന്നു.

എന്നാൽ ചുരുക്കം ചില കുടുംബങ്ങൾകൂടി ഈ കൂട്ടായ്മയിലേക്ക് ഇനിയും വരേണ്ടതുണ്ട്. അവരെ സ്നേഹത്തോടെ ആകർഷിച്ച് ഈ കൂട്ടായ്മയിലേക്ക് കൊണ്ട് വരുവാൻ നമുക്ക് പരിശ്രമിക്കാം പ്രാർത്ഥിക്കാം. ഫ്രാൻസിസ് മാർപ്പാപ്പ 9-10-2017 ൽ ഹൊസൂർ-ഷംസാബാദ് രൂപതകൾ സ്ഥാപിച്ച് ഇന്ത്യയിലെ എല്ലാ മെത്രാന്മാർക്കുമായി എഴുതിയ കത്തിൽ പറയുന്നു : "It should rather be seen as an invitation as awell as an oppurtunity for growth in faith and communion with their Sui Iuris Church in order to preserve the precious heritage of their rite and pass it on to the future generations". മാർപ്പാപ്പയുടെ ആഹ്വാനം ഉൾക്കൊണ്ടുകൊണ്ട് കുടുംബക്കൂട്ടായ്മകൾ ശക്തിപ്പെടുത്തി നമ്മുടെ ഹൊസൂർ രൂപതയെ നമുക്ക് കെട്ടിപ്പടുക്കാം.

ഹൊസൂർ രൂപതയിൽ സാധാരണയായി മൂന്ന് ഭാഷകളാണ് ഉപയോഗിക്കുക : ഇംഗ്ലീഷ്, മലയാളം, തമിഴ്. ഏതെങ്കിലും ഭാഷയുടെയോ ജാതിയുടെയോ പേരിൽ വേർതിരിക്കപ്പെട്ട ഒരു സമൂഹമല്ല നമ്മുടേത്. എല്ലാവരെയും ഒന്നിപ്പിച്ച് തോമാശ്ലീഹായിലൂടെ ലഭിച്ച വിശ്വാസപൈതൃകത്തിന് സാക്ഷ്യം വഹിക്കുവാനും അത് വരും തലമുറക്ക് കൈമാറുവാനുമാണ് ഈ ഹൊസൂർ രൂപത സ്ഥാപിതമായിരിക്കുന്നത്. പാവപ്പെട്ടവരോട് പക്ഷം ചേരുന്ന മനോഭാവവും സ്നേഹത്തിന്റെ ഭാഷയുമാണ് നമ്മുടെ പ്രവർത്തനശൈലിയിൽ നിറഞ്ഞ് നിൽക്കേണ്ടത്.

സഭയോടൊത്ത് ചിന്തിക്കുന്നവരും അവളുടെ പ്രവർത്തനങ്ങളിൽ കഴിവിനൊത്ത് പങ്കുചേരുന്നവരുമായി മാർപ്പാപ്പയുടെ ആഹ്വാനപ്രകാരം ഹൊസൂർ രൂപതയെ കെട്ടിപ്പടുക്കുവാൻ നമുക്ക് കൈകോർക്കാം. നമ്മുടെ പിതാവായ മാർതോമാശ്ലീഹ സ്വർഗ്ഗത്തിലിരുന്ന് ദൈവസന്നിധിയിൽ നമുക്കായ് മാദ്ധ്യസ്ഥം വഹിക്കും. ഏവർക്കും നന്ദിയും പ്രാർത്ഥനകളും നേർന്നുകൊണ്ട്.

യേശുവിൽ സസ്നേഹം

നിങ്ങളുടെ പിതാവ്

**മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ**

## സിബിസിഐ 33-ാം ജനറൽബോഡി മീറ്റിങ്ങ്
## ഭാരതീയ കത്തോലിക്കാ മെത്രാൻ സംഘം (സിബിസിഐ)
## ബാംഗ്ലൂർ, ഫെബ്രുവരി 2-9, 2018

കാരുണ്യത്തിന്റെയും സാക്ഷ്യത്തിന്റെയും ദൗത്യത്തിനായി വൈവിധ്യത്തിൽ ഐക്യപ്പെട്ട്: "*യുഗാവസാനംവരെ ഞാൻ എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും*" (മത്താ 28:20).

# അന്തിമ പ്രസ്താവന

### മുഖവുര

നമ്മുടെ ജനറൽബോഡി മീറ്റിങ്ങിന്റെ പ്രമേയം ത്രിത്വരഹസ്യത്തെക്കുറിച്ചു ചിന്തിക്കാൻ നമ്മെ നേരിട്ടു ക്ഷണിക്കുന്നു. നമ്മുടെ ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് വ്യക്തികളിൽ ഐക്യപ്പെട്ടിരിക്കുന്ന ഏക ദൈവമെന്ന മഹാരഹസ്യമാണ്.

ഇന്ത്യയിലെ കത്തോലിക്കാസഭയുടെ അനന്യമായ സ്വഭാവത്തെ ഓർത്ത് ദൈവത്തിന് നാം നന്ദി പറയുന്നു. അത് മൂന്ന് സ്വയം ഭരണാധികാരമുള്ള (Sui iuris) സഭകൾ ചേർന്നുണ്ടായതാണ്. പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയെക്കുറിച്ച് ജീവിതത്തിലും ദൗത്യത്തിലും ചിന്തിക്കാൻ ഈ സഭകൾ വിളിക്കപ്പെട്ടിരിക്കുന്നു.

ഈ വീക്ഷണത്തിൽ വേരുറച്ചവരായി ഞങ്ങൾ, ഇന്ത്യയിലെ 184 മെത്രാന്മാർ സിബിസിഐയുടെ 33-ാം ജനറൽബോഡി മീറ്റിങ്ങിനായി സമ്മേളിച്ചു. ബാംഗ്ലൂരിലുള്ള സെന്റ് ജോൺസ് നാഷണൽ അക്കാദമി ഓഫ് ഹെൽത്ത് സയൻസസ് എന്ന സ്ഥാപനത്തിൽ 2018 ഫെബ്രുവരി 2 മുതൽ 9 വരെയുള്ള ദിവസങ്ങളിലായിരുന്നു സമ്മേളനം. അത് പ്രാർത്ഥിക്കാനും താഴെപറയുന്ന പ്രമേയത്തെപ്പറ്റി ചിന്തിക്കാനുമായിരുന്നു: "കാരുണ്യത്തിന്റെയും സാക്ഷ്യത്തിന്റെയും ദൗത്യത്തിനായി വൈവിധ്യത്തിൽ ഐക്യപ്പെട്ട് യുഗാന്തംവരെ ഞാൻ എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ. 28:20). നമ്മുടെതന്നെ തനിമയെപ്പറ്റിയുള്ള ധാരണയെ ആഴപ്പെടുത്താനും രാഷ്ട്രനിർമ്മിതിക്കായുള്ള നമ്മുടെ സംഭാവനയെ വർധിപ്പിക്കാനുമാണത്. "കണ്ടാലും, യുഗാന്തംവരെ ഞാൻ എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:20) എന്ന നമ്മുടെ കർത്താവിന്റെ വാക്കുകളാൽ ഞങ്ങൾ - ഭാരതീയ കത്തോലിക്കാ മെത്രാന്മാർ - ഉറപ്പും ശക്തിയും കണ്ടെത്തി. 2017 നവംബർ 17 മുതൽ 19 വരെ സമ്മേളിച്ച കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ (സിസിഐ)യുടെ അന്തിമ പ്രസ്താവനകൾ ഞങ്ങൾ പരിഗണിച്ചു.

### യേശുവിന്റെ ദൗത്യം

മനുഷ്യവംശത്തെ മുഴുവനും ദൈവത്തിന്റെ ഒറ്റ കുടുംബമായി ഐക്യപ്പെടുത്താനും അനുരഞ്ജിപ്പിക്കാനും വന്ന യേശു തന്നെയാണ് സദ്വാർത്ത.

അവിടന്ന് എല്ലാവരെയും സ്നേഹിച്ചവിധത്തിൽ അതായത്, വിശക്കുന്ന വരെ തീറ്റിപ്പോറ്റുന്നതിലും അസ്വസ്ഥരെ ആശ്വസിപ്പിക്കുന്നതിലും പാർശ്വവത്കരിക്കപ്പെട്ടവരുടെ മഹത്വത്തെ വളർത്തുന്നതിലും, രോഗികളെ സുഖപ്പെടുത്തുന്നതിലും പ്രത്യാശ ഇല്ലാത്തവർക്ക് പ്രത്യാശ നൽകുന്നതിലും അടിമകൾക്കു സ്വാതന്ത്ര്യം നൽകുന്നതിലും പാപികൾക്ക് പാപപ്പൊറുതി നൽകുന്നതിലും ദരിദ്രർക്ക് നീതി നൽകുന്നതിലും മരിച്ചവർക്ക് ജീവൻ നൽകുന്നതിലും ദൈവത്തെ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചു.

## ഭാരതത്തിലെ സഭ

ഭാരതത്തിലെ സഭ യേശുവിന്റെ അപ്പസ്തോലനായ വിശുദ്ധ തോമായിലൂടെ വിശ്വാസമെന്ന ദാനം സ്വീകരിച്ചു. പ്രേഷിത പ്രവർത്തനത്തിന്റെ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് സേവ്യറിനെപ്പോലുള്ള മഹാന്മാരായ അനേകം വിശുദ്ധരുടെ പരിശ്രമങ്ങൾ വഴി നമ്മുടെ ക്രൈസ്തവവിശ്വാസം പോഷിപ്പിക്കപ്പെടുകയും ശക്തമാക്കപ്പെടുകയും ചെയ്തു. ഇന്ത്യയിലെ ക്രൈസ്തവവിശ്വാസം ക്രിസ്തുമതത്തോളം പഴക്കമുള്ളതാണെന്ന് ശക്തിയുക്തം ഉറപ്പിച്ചു പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഇന്ത്യ ഇന്ന് എന്തായിരിക്കുന്നുവോ അത് ഇന്ത്യയിലെ സഭയുടെ സംഭാവനകൊണ്ടുകൂടിയാണ്.

സഭ മാന്യവും കാര്യക്ഷമവുമായ സേവനം ചെയ്തിട്ടുണ്ടെന്നതിന് തെളിവുണ്ട്. അതുകൊണ്ട് സഭയെ ഇന്ത്യക്ക് ആവശ്യമുണ്ടെന്നതു വ്യക്തമാണ്. നമ്മുടെ ഗുരുവായ യേശുവിനെ അനുകരിച്ച് സഭാംഗങ്ങൾ മാതൃരാജ്യത്തോടുള്ള സ്നേഹം തുടർന്നുകൊണ്ടിരിക്കുന്നു. അവൾ ഓരോ ദരിദ്രനിലേക്കും ഓരോ അധഃകൃതനിലേക്കും എത്തിച്ചേരുന്നുണ്ടല്ലോ. എല്ലാ ജനങ്ങളും നമ്മുടെ സഹോദരീസഹോദരന്മാരാണെന്ന് സഭ വിശ്വസിക്കുന്നു. യേശുതന്നെ നമ്മെ പഠിപ്പിച്ചിട്ടുള്ളതുപോലെതന്നെ. “നീ നിന്റെ അയല്ക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം” (മത്താ 22: 39). ദരിദ്രരെ ശക്തിപ്പെടുത്തൽ, മനുഷ്യമഹത്വത്തെ വളർത്തൽ എന്നിവ നമ്മുടെ ഭരണഘടനയിൽ സൂക്ഷിച്ചിട്ടുള്ള മൂല്യങ്ങളാണ്. സഭയും തന്റെ ദൗത്യത്തിൽ അങ്ങനെ ചെയ്യുന്നുണ്ട്. സഭ തന്റെ പ്രവർത്തനങ്ങളിലൂടെ നിർവ്വഹിക്കുന്ന ദൗത്യത്തിന് ഒരു ലക്ഷ്യമേ ഉള്ളൂ. സത്യം, നീതി, സ്നേഹം, സ്വാതന്ത്ര്യം എന്നിങ്ങനെയുള്ള സമാധാനത്തിന്റെ നാലുസ്തംഭങ്ങളിൽ നമ്മുടെ രാഷ്ട്രത്തിൽ വളർത്തുകയെന്നതാണത് (cf വിശുദ്ധ ജോൺ 23-ാമൻ, “ഭൂമിയിൽ സമാധാനം”).

## യഥാർത്ഥ ദേശീയതാവാദത്തെയും ഭരണഘടനാപരമായ മതേതരത്വത്തെയും മനസ്സിലാക്കൽ

ഏതെങ്കിലും ഒരു പ്രത്യേക സംസ്കാരത്തെയോ മതത്തെയോ അടിസ്ഥാനപ്പെടുത്തിയിരിക്കുന്ന ദേശീയതാവാദത്തെ വളർത്താനുള്ള ഏതു പരി

ശ്രമവും അപകടകരമാണ്. അത് ഐക്യരൂപ്യത്തിലേക്ക് നയിച്ചേക്കാം. പക്ഷെ ഒരിക്കലും യഥാർത്ഥ ഐക്യത്തിലേക്ക് നയിക്കുകയില്ല. മിഥ്യാധാരണാപരമായ അത്തരം പരിശ്രമങ്ങൾ നമ്മുടെ രാഷ്ട്രത്തെ സ്വയം നശീകരണത്തിന്റെ പാതയിലൂടെയേ നയിക്കുകയുള്ളൂ. സമാധാനം, പുരോഗതി, വികസനം എന്നിവയ്ക്കായുള്ള അന്വേഷണത്തിൽ ഏകസംസ്കാരവാദം ശരിയായ ഉത്തരമായിരുന്നിട്ടില്ല, ആയിരിക്കുകയുമില്ല. പ്രത്യേകിച്ച് സംസ്കാരവൈവിധ്യം, ഭാഷ, ദേശം, വംശം, മതം എന്നിവയാൽ സമ്പന്നമായ ഒരു രാജ്യത്ത് ഒരിക്കലും അങ്ങനെ ആവുകയില്ല. അക്രമം എപ്പോഴും അക്രമിയിലേക്കു തിരിച്ചുവരും - പെട്ടെന്നോ പിൽകാലത്തോ അങ്ങനെ സംഭവിക്കും. 'എന്തെന്നാൽ വാൾ എടുക്കുന്നവൻ വാളാൽ മരിക്കും" (മത്താ 26:52). സ്ത്രീ കൾക്കെതിരേ നടക്കുന്ന ക്രൂരകൃത്യങ്ങളെയും കൊലകളെയും വംശീയ മാത്സര്യങ്ങളെയും ക്രൈസ്തവസ്ഥാപനങ്ങൾക്കും സമുദായങ്ങൾക്കുമെതിരെയുള്ള സാമുദായിക അക്രമങ്ങളെയും ഞങ്ങൾ അപലപിക്കുന്നു. നമുക്ക് യഥാർത്ഥമായ ദേശീയതാവാദത്തിന്റെ പാത പിന്തുടരാം. അത് നമ്മുടെ മാതൃരാജ്യത്തെ യഥാർത്ഥ സമാധാനത്തിലേക്കും സമന്വയത്തിലേക്കും പുരോഗതിയിലേക്കും സമൃദ്ധിയിലേക്കും നയിക്കും. യഥാർത്ഥ ദേശീയതാവാദം ഓരോ പൗരന്റെയും മാനുഷിക മഹത്ത്വത്തെ ആദരിക്കുന്നു. സാമ്പത്തികസ്ഥിതിയോ സംസ്കാരമോ മതമോ ദേശമോ ഭാഷയോ പരിഗണിക്കാതെ അങ്ങനെ ചെയ്യുന്നു.

നമ്മുടെ ഭാരതീയ ഭരണഘടന ഉറപ്പ് നൽകിയിട്ടുള്ള നിയമവാഴ്ചയെ ഉയർത്തിപ്പിടിക്കാൻ സന്മനസ്സുള്ള എല്ലാ മനുഷ്യരെയും നിർബന്ധിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അക്രമത്തിന്റെ അന്തരീക്ഷത്തിൽ സമാധാനത്തിനുവേണ്ടി ജനക്കൂട്ട സംസ്കാരവും ജനക്കൂട്ടം നിയമം കയ്യിലെടുക്കുന്നതും ഒഴിവാക്കാൻ നമ്മുടെ എല്ലാ സഹപൗരന്മാരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. നമ്മുടെ രാജ്യത്ത് എല്ലാവരുടെയും പുരോഗതിയും വികസനവും ഉറപ്പുവരുത്താനും പരിസ്ഥിതി സംരക്ഷിക്കാനും വേണ്ടി നിയമവും ക്രമസംവിധാനവും നിലനിറുത്താൻ സർക്കാർ ചെയ്യുന്ന എല്ലാ പരിശ്രമങ്ങളെയും ഞങ്ങൾ വിലമതിക്കുകയും അവയോട് സഹകരിക്കുകയും ചെയ്യുന്നു. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മഗാന്ധി വ്യക്തമായ വാക്കുകളിലൂടെ ഇങ്ങനെ പ്രസ്താവിച്ചിട്ടുണ്ട്. "ഓരോ വ്യക്തിയുടെയും ആവശ്യത്തിനുവേണ്ടത് ലോകത്തിലുണ്ട്. എന്നാൽ ഓരോ വ്യക്തിയുടെയും അത്യാഗ്രഹത്തെ തൃപ്തിപ്പെടുത്താൻ വേണ്ടത് ലോകത്തിലില്ല."

### മനുഷ്യജീവൻ എന്ന അമൂല്യദാനം

ദൈവം തന്ന അമൂല്യദാനമായ മനുഷ്യജീവന്റെ പരിപൂർണ്ണവും അതിശായിത്വപരവുമായ മൂല്യത്തെ ക്രൈസ്തവസമൂഹം ഉയർത്തിപ്പിടിക്കുന്നു. അതുകൊണ്ട് മനുഷ്യജീവന് എതിരായ ഒരു ആക്രമണവും ഒരിക്കലും ദൈവത്താൽ പ്രചോദിപ്പിക്കപ്പെട്ടതാവുകയില്ല. വ്യത്യസ്ത വിശ്വാസങ്ങ

ളുടെയും ആചാരങ്ങളുടെയും അടിസ്ഥാനത്തിൽ അത് ഒരിക്കലും നീതീകരിക്കാനും സാധ്യമല്ല. നമ്മുടെ പ്രിയപ്പെട്ട മാതൃരാജ്യത്തിലെ ഓരോ വ്യക്തിയുടെയും ജീവനെ വിലമതിക്കുകയും സംരക്ഷിക്കുകയും വേണം.

## സഭയുടെ കാരുണ്യദൗത്യം

ദൈവത്തിന്റെ ഹൃദയത്തിൽനിന്നുമാത്രമാണ് കാരുണ്യം ഒഴുകുന്നത്. യേശുക്രിസ്തുവിന്റെ കുരിശിലൂടെ അത് ഒഴുകുന്നു. ആ കാരുണ്യത്തിനു മാത്രമേ മുറിവേറ്റ മനുഷ്യഹൃദയങ്ങളെ സുഖപ്പെടുത്താനും വ്യക്തികളും സമുദായങ്ങളും തമ്മിലുണ്ടാകുന്ന ബന്ധങ്ങളുടെ തകർച്ച പരിഹരിക്കാനും നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ടവരെ ദുരിതത്തിൽ നിന്നു രക്ഷിക്കാനും സാധിക്കുകയുള്ളൂ. യേശുക്രിസ്തുവിന്റെ ശിഷ്യന്മാരായ ഞങ്ങൾ അപകടകരമായ ഈ അവസ്ഥ നേരിടുമ്പോൾ കാരുണ്യത്തിന്റെ യഥാർത്ഥ സാക്ഷികളാകാൻ ശപഥം ചെയ്യുന്നു. കാരുണ്യമാണ് സുവിശേഷത്തിന്റെ സത്തയും ക്രൈസ്തവ ശിഷ്യത്വത്തിന്റെ പ്രകാശനവും. കൽക്കട്ടയിലെ വിശുദ്ധ തെരേസയുടെ മൃദുലമായ കൈകളും ചുളിവുള്ള മുഖവും ഇൻഡോറിലെ വാഴ്ത്തപ്പെട്ട റാണിമരിയയുടെ രക്തസാക്ഷിത്വവും ഇതിനു സാക്ഷ്യം വഹിക്കുന്നു.

ക്രൈസ്തവരായ ഞങ്ങൾ രാഷ്ട്രത്തിനുവേണ്ടി - പ്രത്യേകിച്ച് ദളിതർ ഗോത്രവർഗക്കാർ, പിന്നോക്കം നിൽക്കുന്ന മറ്റു ജനസമൂഹങ്ങൾ എന്നിവർക്കുവേണ്ടി - ചെയ്യുന്ന സേവനത്തിൽ ഞങ്ങളുടെ സഹപൗരന്മാരുമായി കൈകോർത്തു പിടിക്കുന്നു. നമ്മുടെ ജനതയുടെ യഥാർത്ഥ മാനുഷിക വികസനം ഉറപ്പാക്കാൻ വേണ്ടിയാണത്. ആ വികസനം കേവലം സാമ്പത്തിക മാനദണ്ഡങ്ങളനുസരിച്ചല്ല, പിന്നെയോ മാനുഷിക മാനദണ്ഡമനുസരിച്ചാണ് അളക്കപ്പെടുന്നത്.

ഏതു തരത്തിലുമുള്ള ഇടുങ്ങിയ ആഭ്യന്തര മതിൽക്കെട്ടുകൾക്ക് അപ്പുറത്തേക്ക് ഇറങ്ങാൻ നമുക്ക് എല്ലാവർക്കും ശപഥം ചെയ്യാം. യഥാർത്ഥത്തിൽ മതേതരത്വപരവും സോഷ്യലിസപരവും ജനാധിപത്യപരവുമായ ഒരു രാഷ്ട്രം സ്ഥാപിക്കാൻ വേണ്ടിയാണത്. ഇന്ത്യൻ ഭരണഘടനയിൽ പ്രതിഷ്ഠിച്ചിട്ടുള്ള തരത്തിലുള്ള രാഷ്ട്രം തന്നെ.

## സഭയിലും രാഷ്ട്രത്തിലും വൈവിധ്യങ്ങളുടെയിടയിൽ ഐക്യപ്പെട്ടു ജീവിക്കാൻ ഞങ്ങൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നു

1. ശിഷ്യത്വപരമായ നമ്മുടെ ക്രൈസ്തവജീവിതം എല്ലാ തലങ്ങളിലും ആഴപ്പെടുത്താനും തീവ്രതയുള്ളതാക്കാനും അതിനായി നിരന്തരം പ്രാർത്ഥിക്കുന്ന സമുദായമായി നിലനിന്നുകൊണ്ട് ത്രിത്വാത്മകവിശ്വാസത്തിനു ചേർന്ന വിധം എപ്പോഴും വൈവിധ്യത്തിൽ ഐക്യത്തോടെ ജീവിക്കണം.
2. അല്മായരും സന്ന്യസ്തരും വൈദികരും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തണം. എല്ലാതലങ്ങളിലും ആ കൂട്ടായ്മ സഭാജീവിതത്തിന്റെ മാർഗ്ഗമാണെന്ന് ഉറപ്പ് വരുത്തണം.

3. ലഘുക്രൈസ്തവസമൂഹങ്ങളെയും (SCCs) കുടുംബയൂണിറ്റുകളെയും വളർത്തുകയും തീവ്രതരമാക്കുകയും വേണം. വിശ്വാസികളുടെ സമഗ്രമായ, സർവ്വതലസ്പർശിയായ, പരിശീലനത്തിനും മതാന്തര സഹകരണത്തിനും സമാധാനത്തിനും സമന്വയത്തിനും വേണ്ടിയാണത്.
4. ലോകത്തിൽ കുടുംബങ്ങൾ നടത്തുന്ന സുവിശേഷവത്കരണ ദൗത്യത്തിൽ അവരോടൊപ്പമായിരിക്കുകയും അവ സഭയുടെ അജപാലനശുശ്രൂഷയുടെ ശ്രദ്ധാകേന്ദ്രമായിത്തീരുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും വേണം. ക്ലേശിച്ചു കഴിയുന്ന കുടുംബങ്ങളോട് സവിശേഷശ്രദ്ധയും സഹതാപവും കാണിക്കണം. ഉത്തരവാദിത്വപൂർണ്ണമായ പിതൃത്വത്തെക്കുറിച്ച് അവർക്ക് വെളിച്ചം നൽകണം.
5. നമ്മുടെ യുവജനത്തെ യഥാർത്ഥ ക്രൈസ്തവജീവിതത്തെക്കുറിച്ചുള്ള ദർശനംകൊണ്ട് നിറക്കണം. സഭയിലും സമൂഹത്തിലും അവർക്കുള്ള ധർമ്മം നിർവ്വഹിക്കാൻ അവരെ ശക്തരാക്കണം. നമ്മുടെ യുവജനത്തെ ദൈവവചനത്തെയും സഭയുടെ പ്രബോധനങ്ങളെയും സംബന്ധിച്ച അറിവുള്ളവരാക്കിത്തീർത്തുകൊണ്ട് സഭയിൽ സജീവധർമ്മം നിർവ്വഹിക്കാൻ ശക്തിപ്പെടുത്തണം. ഇന്ത്യൻ കാത്തലിക് മൂവ്മെന്റ് (ICYM), മറ്റുള്ള കത്തോലിക്കാ യുവജനപ്രസ്ഥാനങ്ങൾ എന്നിവയിലൂടെ അങ്ങനെ ചെയ്യണം. നമ്മുടെ യുവജനങ്ങളെ ദൈവവിളി തിരിച്ചറിയാനും ജീവിതപാത തിരഞ്ഞെടുക്കാനും സഹായിക്കാനാണത്. യുവജനങ്ങളെ സംബന്ധിച്ച് 2018 ഒക്ടോബറിൽ നടത്താനിരിക്കുന്ന സിനഡിന്റെ പ്രഥമ പ്രമേയം അതാണ്.
6. നമ്മുടെ അല്മായരെയും യുവജനത്തെയും രാഷ്ട്രനിർമ്മാണത്തിന് പ്രോത്സാഹിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യണം. രാഷ്ട്രീയം, സിവിൽ സർവീസ്, രാജ്യരക്ഷ, നിയമം, ജുഡീഷ്യറി എന്നിങ്ങനെയുള്ള ദേശീയ ജീവിതത്തിന്റെ സുപ്രധാന മേഖലകളിൽ ഉൾപ്പെട്ടുകൊണ്ടാണ് അവർ അങ്ങനെ ചെയ്യേണ്ടത്.
7. സ്ത്രീകൾക്കുള്ള തുല്യമഹത്വത്തെ അംഗീകരിക്കാനും സഭയുടെ ജീവിതത്തിലും ദൗത്യത്തിലും അല്മായർക്കുള്ള പങ്കിനെ വളർത്താ നും ഉതകുന്ന പരിശീലനം സഭയുടെ പരിശീലന ഭവനങ്ങളിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.
8. സഭയുടെ എല്ലാ സംഘങ്ങളിലും സ്ത്രീകൾക്ക് പര്യാപ്തമായ പ്രാതിനിധ്യം ഉറപ്പ് വരുത്തണം.
9. സഭയിലും സമൂഹത്തിലും കരുണയുടെ യഥാർത്ഥ സാക്ഷികളായിരിക്കാൻ സെമിനാരി വിദ്യാർത്ഥികളെയും വൈദികരെയും സന്യസ്തരെയും സജ്ജീകൃതരാക്കണം.
10. മതാന്തര സംവാദം വളർത്താനുള്ള എല്ലാ അവസരവും ഉപയോഗിക്കണം. ക്രിസ്തുവിലുള്ള നമ്മുടെ ഐക്യത്തെ വളർത്താൻ ക്രൈസ്തവരായ നാം എല്ലാ പരിശ്രമവും ചെയ്താൽ നമ്മുടെ മതാന്തര സംവാദം

കൂടുതൽ വിശ്വസനീയമാകും.

11. എക്യുമെനിക്കൽ ഗ്രൂപ്പുകൾ തമ്മിലുള്ള സംവാദത്തിലൂടെയും പൊതുവായ എക്യുമെനിക്കൽ സേവനങ്ങൾ, പൊതുവായ പ്രാർത്ഥനകൾ, പൊതുവായ പ്രവർത്തനങ്ങൾ എന്നിവയിലൂടെയും ക്രൈസ്തവർ തമ്മിൽ കൂടുതൽ നല്ല സഹകരണം വളർത്താൻ വിവിധ സംരംഭങ്ങൾ തുടങ്ങണം.
12. സഭയുടെയും സമുദായത്തിന്റെയും എല്ലാ മേഖലകളിലും ഇന്ത്യയുടെ ഭരണഘടന കൂടുതൽ വ്യാപകമായി അറിയപ്പെടാൻ പരിശ്രമിക്കണം. എല്ലാ പൗരന്മാരുടെയും തുല്യത, മതസ്വാതന്ത്ര്യം, മനഃസാക്ഷി, സ്വാതന്ത്ര്യം, അഭിപ്രായ സ്വാതന്ത്ര്യം എന്നീ സുപ്രധാന സവിശേഷതകളെ ഉയർത്തിക്കാണിച്ചുകൊണ്ടും അങ്ങനെ ചെയ്യണം.
13. പൊതുസമൂഹത്തിൽ കൂടുതൽ സജീവമായി പ്രവർത്തിക്കാൻ അല്മായരെ പ്രോസ്താഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയും വേണം. അവരുടെ വിളിയനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് രാഷ്ട്രനിർമ്മാണത്തിന് അവർ കാര്യക്ഷമമായ സംഭാവന നൽകാനാണത്.
14. വിദ്യാഭ്യാസ മണ്ഡലത്തിൽ കാരുണ്യത്തിന്റെ ദൗത്യം നിർവ്വഹിക്കാനുള്ള നമ്മുടെ സേവനങ്ങൾ തുടരണം. സിബിസിഐയുടെ "All India Catholic Education Policy 2007" എന്ന നയം ബോധപൂർവ്വം നിറവേറ്റാനാണത്. സുവിശേഷമൂല്യങ്ങളെ നൽകാൻവേണ്ടിത്തന്നെ.
15. കത്തോലിക്കാ ഹെൽത്ത് സർവ്വീസുകളെ കാരുണ്യത്തിന്റെയും കഴിയുന്നത്ര സൗഖ്യദാനത്തിന്റെയും ഒരു ദൗത്യമാക്കണം. അത് സഹതാപപൂർണ്ണവും പരിരക്ഷണപരവുമായിരിക്കണം. എന്നാലും അത് സുസജ്ജവും സ്വയം നിലനിൽക്കാനാവുന്നതും സഹകരണപരവുമായിരിക്കണം.
16. സിബിസിഐ.യുടെ ദളിത് ശക്തീകരണ പോളിസി ഓരോ രൂപതയിലും നിറവേറ്റപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം. ഗോത്രവർഗക്കാരുടെയും മറ്റുള്ള പിന്നാക്കവർഗ്ഗക്കാരുടെയും സംരക്ഷണത്തിനും സമഗ്രമായ വികസനത്തിനുവേണ്ടി അദ്ധ്വാനിക്കണം. കൃഷിക്കാർ, മീൻപിടുത്തക്കാർ, കുടിയേറ്റക്കാർ എന്നിവരും നിസ്സഹായരും ചൂഷണം ചെയ്യപ്പെട്ടവരുമായവർക്ക് ആശ്വാസവും ക്ഷേമവും നൽകാൻ സവിശേഷസംരംഭങ്ങൾ തുടങ്ങണം. അവരുടെ അസ്വസ്ഥതയിൽ അവർക്ക് ശുശ്രൂഷയും ആശ്വാസവും പ്രത്യാശയും നൽകുവാനാണത്.
17. നമ്മുടെ ക്രൈസ്തവ സമർപ്പണത്തിന്റെയും ആധ്യാത്മികതയുടെയും സത്താപരമായ ഭാഗമെന്ന നിലയിൽ പരിസ്ഥിതിക്കുള്ള പ്രാധാന്യത്തെ സംബന്ധിച്ച ബോധം വർദ്ധിപ്പിക്കണം. പരിസ്ഥിതിയെ സംരക്ഷിക്കാനും പ്രകൃതിയോടുള്ള സ്നേഹം വർദ്ധിപ്പിക്കാനും പുതിയ സംരംഭങ്ങൾ തുടങ്ങണം. ഫ്രാൻസിസ് മാർപാപ്പയുടെ ചാക്രികലേഖനമായ 'ലാവുദാത്തോ സീ'യിലുള്ള പ്രബോധനങ്ങൾ നിറവേറ്റാൻ ഓരോ രൂപ

തയും ഒരു പരസ്ഥിതി നയം രൂപീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണം.

18. തടവറയിലായിരിക്കുന്ന നമ്മുടെ സഹോദരീസഹോദരന്മാരുടെ ദുരിതാവസ്ഥയെക്കുറിച്ചുള്ള ബോധം സൃഷ്ടിക്കണം. അവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ കുടുംബങ്ങളെ പരിപാലിക്കുന്നതിനും സഹായിക്കണം.
19. സഭയുടെ ഭരണനിർവ്വഹണത്തിന്റെ സകല മണ്ഡലങ്ങളിലും സുതാര്യത ഉറപ്പ് വരുത്തണം. സമൂഹത്തിലെ സുതാര്യതയ്ക്കായി നിലകൊള്ളുകയും വേണം.
20. നമ്മുടെ എല്ലാ രൂപതകൾക്കും ഒരു 'ചിന്താകേന്ദ്രം' ഉണ്ടായിരിക്കണം. അടിയന്തിര സ്വഭാവമുള്ള കാര്യങ്ങൾ ഏറ്റെടുക്കാനും ബന്ധപ്പെട്ട എല്ലാവരോടും ഉത്സാഹപൂർവ്വം സംവദിക്കാനുമാണത്.

## ഉപസംഹാരം

"സഭ നിലകൊള്ളുന്നത് സുവിശേഷവത്കരണം നടത്താനാണ്. അതായത്, പ്രഘോഷിക്കാനും പഠിപ്പിക്കാനും ദൈവകൃപയാകുന്ന ദാനത്തിന്റെ ചാനലാകാനും പാപികളെ ദൈവവുമായി അനുരഞ്ജിപ്പിക്കാനും വേണ്ടിയാണ്" (വാഴ്ത്തപ്പെട്ട പോൾ 6-ാമൻ, പ്രഘോഷിക്കപ്പെടേണ്ട സുവിശേഷം, നമ്പർ 14). "സുവിശേഷവത്കരിക്കാനാണ് സഭയും ദൈവശാസ്ത്രവും നിലകൊള്ളുന്നത്, ക്ലാസ് റൂം ദൈവശാസ്ത്രംകൊണ്ട് തൃപ്തിപ്പെടാനല്ല" (ഫ്രാൻസിസ് മാർപാപ്പ, സുവിശേഷത്തിന്റെ സന്തോഷം, നമ്പർ 133). നമ്മുടെ രാഷ്ട്രത്തിന്റെ വൈവിധ്യത്തിൽ ഐക്യം എന്നതിനുണ്ടാകുന്ന ഗൗരവപൂർണ്ണമായ വെല്ലുവിളികളെയും പരാജയങ്ങളെയും നാം നേരിടുന്നുണ്ട്. എങ്കിലും ഭാരതീയരായിരിക്കുന്നതിൽ നാം അഭിമാനം കൊള്ളുന്നു. നാം നമ്മുടെ രാജ്യത്തെ സ്നേഹിക്കുന്നു. അതിനുവേണ്ടിയും അതിന്റെ ക്ഷേമത്തിനുവേണ്ടിയും നാം നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. വൈവിധ്യത്തിലുള്ള ഐക്യത്തിനായുള്ള പ്രവർത്തനം തുടരാനും സമാധാനവും സമന്വയവും സ്ഥാപിക്കാനും നമ്മുടെ രാജ്യം അതിന്റെ മഹോന്നതമായ വിളിക്കുചേർന്നവിധം ജീവിക്കാനും വേണ്ടിയാണത്. സഭയ്ക്കും സമൂഹത്തിനുംവേണ്ടി നാം ചെയ്യുന്നതെല്ലാം കാരുണ്യത്തിന്റെ അമ്മയായ മറിയത്തിൽ സ്നേഹപൂർണ്ണമായ സംരക്ഷണത്തിന് നാം ഏൽപ്പിക്കുന്നു.

ഫെബ്രുവരി 9,2018

**ബസേലിയോസ് കാർഡിനൽ ക്ലീമിസ്**
പ്രസിഡന്റ്
കാത്തലിക് ബിഷപ്സ് കോൺഫ്രറൻസ് ഓഫ് ഇന്ത്യ

# കച്ചേരികാര്യങ്ങൾ

## 1. Appointment

Rev. Fr. Alex Kallely Appointed director Social Action of the Diocese of Hosur with effect from 01-05-2018.

### 2. പ്രതിനിധിയോഗം

നമ്മുടെ എല്ലാ ഇടവകകളിലും പ്രതിനിധിയോഗം ഉണ്ടായിരിക്കേണ്ടതാണ്. നമ്മുടെ ഇടവകകളിൽ രൂപീകരിച്ചിട്ടുള്ള പ്രതിനിധിയോഗം "പാരിഷ് കൗൺസിൽ" എന്ന പേരിലല്ല അറിയപ്പെടേണ്ടത്. മറിച്ച് നമ്മുടെ സഭാപാരമ്പര്യമനുസരിച്ച് "പ്രതിനിധിയോഗം" എന്നു തന്നെയാണ് അറിയപ്പെടേണ്ടത്.

### 3. കൈക്കാരന്മാർ

നമ്മുടെ എല്ലാ ഇടവകകളിലും 2018 ജൂലൈ 3 ന് പുതിയ കൈക്കാരന്മാർ സ്ഥാനമേല്ക്കേണ്ടതാണ്. അതിന് മുൻപ് ഇടവകയിലെ പ്രതിനിധിയോഗം കൈക്കാരന്മാരെ തിരഞ്ഞെടുത്ത് രൂപതാ കാര്യാലയത്തിൽ നിന്നും അംഗീകാരം വാങ്ങിക്കേണ്ടതാണ്. ഒരു വ്യക്തിയെ തന്നെ രണ്ട് പ്രാവശ്യത്തിൽ കൂടുതൽ അടുപ്പിച്ച് കൈക്കാരന്മാരായി തിരഞ്ഞെടുക്കുവാൻ പാടില്ലാത്തതാണ്. മറിച്ചു വേണമെങ്കിൽ തക്കതായ കാരണം ബോധിപ്പിച്ച് രൂപതാകാര്യാലയത്തിൽ നിന്നും അനുവാദം വാങ്ങേണ്ടതാണ്. പ്രതിനിധിയോഗമാണ് കൈക്കാരന്മാരെ തിരഞ്ഞെടുക്കേണ്ടത്. എന്നാൽ പ്രതിനിധി യോഗാംഗങ്ങൾക്ക് പുറമെ നിന്നുള്ള അർഹരായ മറ്റു ഇടവകാംഗങ്ങളെയും പ്രതിനിധിയോഗത്തിന് കൈക്കാരന്മാരായി തിരഞ്ഞെടുക്കാവുന്നതാണ്. അപ്രകാരം തിരഞ്ഞെടുക്കപ്പെടുന്നവർ അവർ കൈക്കാരന്മാരായിരി ക്കുന്നിടത്തോളം കാലം പ്രതിനിധിയോഗത്തിലെ ഔദ്യോഗിക അംഗങ്ങളായിരിക്കും.

### 4. രൂപതാകാര്യാലയത്തിലേക്കുള്ള അപേക്ഷകൾ

രൂപതാകാര്യാലയത്തിലേക്ക് അപേക്ഷകൾ സമർപ്പിക്കുമ്പോൾ രൂപതയുടെ മുദ്രപത്രത്തിൽ കോപ്പി സഹിതമാണ് നല്കേണ്ടത്. മുദ്രപ്പത്രത്തിന്റെ ഫോട്ടോകോപ്പി എടുക്കുന്നുണ്ടെങ്കിൽ അതിന്റെ രണ്ടുവശവും എടുക്കേണ്ടതാണ്. അപേക്ഷകളിൽ അപേക്ഷകന്റെ ഒപ്പും ബഹു. വികാരിയച്ചന്റെ ശുപാർശയും പള്ളിയുടെ സീലും തിയ്യതിയും കൃത്യമായി ഉണ്ടാകേണ്ടതാണ്. അപേക്ഷകളോടൊപ്പം നൽകുന്ന മറ്റു രേഖകളുടെ കോപ്പികളും ഉണ്ടായിരിക്കേണ്ടതാണ്.

### 5. മെയ്മാസ വണക്കം

പരിശുദ്ധ അമ്മക്ക് പ്രത്യേകം പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള മെയ്മാസത്തിൽ അമ്മയോടുള്ള നമ്മുടെ ആദരവും സ്നേഹവും ഭക്തിയും നമുക്ക് വർദ്ധമാനമാക്കാം. പരമ്പരാഗതമായി നമ്മുടെ കുടുംബങ്ങളിൽ ആചരിക്കുന്ന മെയ്മാസ വണക്ക പ്രാർത്ഥനകൾ നമ്മുടെ ഇടവക ദേവാലയങ്ങളിലും കുടുംബങ്ങളിലും നമുക്ക് ചൊല്ലാം.

### 6. മേയ് 1 തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാളും തൊഴിലാളി ദിനവും

തൊഴിലിന്റെ മഹത്വം മനസ്സിലാക്കുവാനും തൊഴിലുടമകളും തൊഴിലാളികളും നീതിപൂർവ്വം തങ്ങളുടെ കടമകൾ നിറവേറ്റുവാനും വേണ്ട അനുഗ്രഹത്തിനായി തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കാം.

### 7. വൈദികരുടെ വാർഷികധ്യാനം

ബഹു. അച്ചന്മാരുടെ വാർഷികധ്യാനം രണ്ടു ബാച്ചുകളിലായി നടത്തപ്പെടുന്നു. 2018 ജൂൺ 3 ഞായർ മുതൽ 8 വെള്ളി വരെ അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിലും 2018 ജൂൺ 18 തിങ്കൾ മുതൽ 22 വെള്ളിവരെ കല്ലേറ്റുംകര പാക്സിലുമാണ് ധ്യാനം നടത്തപ്പെടുന്നത്. അച്ചന്മാരുടെ പേരുകളും പങ്കെടുക്കേണ്ട ബാച്ചും താഴെ നല്കുന്നു.

**അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വെച്ച് ധ്യാനം നടത്തുന്ന അച്ചന്മാർ**

*(2018 ജൂൺ 3 ഞായർ മുതൽ 8 വെള്ളി വരെ)*

1. റവ. മോൺ. വർഗീസ് പെരേപ്പാടൻ
2. റവ. ഫാ. ആന്റോ കരിപ്പായി
3. റവ. ഫാ. ജോർജ്ജ് ചിറമേൽ
4. റവ. ഫാ. ജോബി മോനോത്ത്
5. റവ. ഫാ. ബിനോയ് പൊഴോലിപ്പറമ്പിൽ
6. റവ. ഫാ. ജിജോ ജോസഫ് തുണ്ടത്തിൽ
7. റവ. ഫാ. ലെസ്ലിൻ ചെരുപറമ്പിൽ

**കല്ലേറ്റുംകര പാക്സിൽ വെച്ച് ധ്യാനം നടത്തുന്ന അച്ചന്മാർ**

*(2018 ജൂൺ 18 തിങ്കൾ മുതൽ 22 വെള്ളിവരെ)*

8. റവ. മോൺ. ജോസ് ഇരിമ്പൻ
9. റവ. ഫാ. ജിജോ ചക്ക്യേത്ത്
10. റവ. ഫാ. ജാജു എളംകുന്നപ്പുഴ

11. റവ. ഫാ. അരുൺ ചക്കാലക്കൽ
12. റവ. ഫാ. ജിയോ കൈതാരത്ത്
13. റവ. ഫാ അലക്സ് കല്ലേലി
14. റവ. ഫാ. ജോഫിൻ കാപ്പിൽ
15. റവ. ഫാ. സിബിൻ കോട്ടക്കൽ
16 റവ. ഫാ. ആൻഡ്രൂസ് മാളിയേക്കൽ
17. റവ. ഫാ. നിജോ ജോൺ പള്ളായി
18. റവ. ഫാ. ജോസഫ് പയ്യപ്പള്ളി
19. റവ. ഫാ. വിൽസൻ പെരേപ്പാടൻ
20. റവ. ഫാ. റിന്റോ തെക്കിനിയേത്ത്
21. റവ. ഫാ. സുബീഷ് വട്ടപ്പറമ്പിൽ
22. റവ. ഫാ. വിനീഷ് വട്ടോളി
23. റവ. ഫാ. ജോസ് പുല്ലൂപ്പറമ്പിൽ
24. റവ. ഫാ. ലിജോ ചിറ്റിലപ്പിള്ളി

**9. സെന്റ് തോമസ് സീറോ മലബാർ കാത്തലിക്ക് പാരിഷ് മൈലാപ്പൂർ**

നിത്യസഹായമാതാ സീറോ മലബാർ കാത്തലിക്ക് പാരിഷ് സാന്തോം റോയ്പ്പേട്ട ഇനി മുതൽ സെന്റ് തോമസ് സീറോ മലബാർ കാത്തലിക്ക് പാരിഷ് മൈലാപ്പൂർ എന്ന പേരിലാണ് അറിയപ്പെടുക.

**റവ. മോൺ. ജോസ് ഇരിമ്പൻ**
പ്രോട്ടോസിഞ്ചല്ലൂസ്

## പ്രീ–കാന കോഴ്സ്

വിവാഹത്തിനൊരുക്കമായിട്ടുള്ള പ്രീ-കാന കോഴ്സ് ജൂൺ 8, 9, 10 ദിവസങ്ങളിൽ സെന്റ് തോമസ് പാസ്റ്ററൽ സെന്റർ അയനാവരത്ത് വച്ച് നടത്തപ്പെടുന്നു. പങ്കെടുക്കാൻ വരുന്നവർ വികാരിയച്ചന്റെ സാക്ഷ്യ പത്രവുമായി വരേണ്ടതാണ്.

**ഫാ. സുബീഷ് വട്ടപ്പറമ്പിൽ**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്

## സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ്

പ്രിയമുള്ളവരെ,
നമ്മുടെ കുട്ടികളുടെ ഭാവി അനുഗ്രഹപ്രദമാക്കുവാനും ഗുണനിലവാരവും മേന്മയേറിയതുമായ വിദ്യാഭ്യാസം സ്വന്തമാക്കുവാനുമായി നാം തുടക്കം കുറിക്കാനിരുന്ന സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ് ചില സാങ്കേതിക കാരണങ്ങളാൽ തുടങ്ങുവാൻ നമുക്ക് സാധിച്ചില്ല. പുതിയ അദ്ധ്യയന വർഷം ആരംഭിക്കുവാൻ ഒരുങ്ങുന്ന ഈ സമയത്ത് അതിനെക്കുറിച്ച് പരിചിന്തനം ചെയ്യുവാനും ക്ലാസുകൾ ആരംഭിക്കുവാനും വേണ്ടി നമുക്ക് ഒന്നുചേരാം. ജൂൺ മാസത്തിൽ പ്രഥമവും ഒരുക്കത്തിന്റേതുമായ ക്ലാസിനുശേഷം ഒന്നാം കോഴ്സ് ആരംഭിക്കുകയാണ്. താത്പര്യമുള്ളവർ എല്ലാവരും ഉടനെതന്നെ വികാരിയച്ചന്മാർ കൈവശം തങ്ങളുടെ പേരുകളും ഫോൺ നമ്പറുകളും ഏല്പിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

പ്രാർത്ഥനാപൂർവ്വം
റവ. മോൺ. ജോസ് ഇരിമ്പൻ

ഫാ. ലിജോ ചിറ്റിലപ്പിള്ളി
അസി. ഡയറക്ടർ

റവ. ഫാ. ജാജു എളംകുന്നപ്പുഴ
ഡയറക്ടർ

## പിതൃവേദി ജനറൽബോഡി

പിതൃവേദിയുടെ ജനറൽബോഡി മീറ്റിംങ്ങ് 2018 ഏപ്രിൽ 15 ാം തിയ്യതി രാവിലെ 10.30 ന് ഹൊസൂർ രൂപതാദ്ധ്യക്ഷൻ മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ അയനാവരം പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വെച്ചു നടന്നു. ഹൊസൂർ രൂപതയായതിനു ശേഷമുള്ള ആദ്യത്തെ മീറ്റിംങ്ങിൽ ആശംസകളർപ്പിച്ച് പ്രസിഡന്റ് ശ്രീ. ജോസഫ് സംസാരിച്ചു. ഈ വർഷത്തേക്കുള്ള കർമ്മ പരിപാടികൾക്ക് രൂപം നല്കുകയും മീറ്റിംങിൽ പാസ്സാക്കുകയും ചെയ്തു. ഫൊറോന അടിസ്ഥാനത്തിൽ അതാത് ഫൊറോനയിലെ അംഗങ്ങൾ ഒരുമിച്ച് കൂടുകയും ഫൊറോനാതലത്തിൽ നടത്തേണ്ട പരിപാടികളെക്കുറിച്ച് ചർച്ച നടത്തുകയും ഫൊറോന തലത്തിൽ ഓരോ കോ-ഓർഡിനേറ്റർമാരെ തെരെഞ്ഞെടുക്കുകയും ചെയ്തു.

**പിതൃവേദി ജനറൽ ബോഡി കൈക്കൊണ്ട തീരുമാനങ്ങൾ:**

1) സോണൽ തലത്തിൽ നടക്കുന്ന പരിപാടികൾക്ക് പകരമായി രൂപതയായതുകൊണ്ട് ഫൊറോനാ തലത്തിൽ പരിപാടികൾ സംഘടിപ്പിക്കുക.

2) ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ Ofm Cap നയിക്കുന്ന രൂപതാതല ദമ്പതീസംഗമം സംഘടിപ്പുക്കുന്നു.

3) മുൻ തീരുമാനമനുസരിച്ച് വാർഷിക വരിസംഖ്യ 1000/ രൂപ എല്ലാ യൂണിറ്റുകളിൽ നിന്നും സ്വീകരിക്കുക,

4) ജീവനെ പരിപോഷിക്കുക എന്ന ലക്ഷ്യം വെച്ച് രൂപതാതലത്തിൽ ഒരു രക്തദാന ദിനം സംഘടിപ്പിക്കുക. ഈ വർഷം രക്തദാനദിനമായ ജൂൺ 14 നോടനുബന്ധിച്ച് ഇടവകകളിൽ നടത്തുന്നത് ഉചിതമായിരിക്കും. വരുന്ന വർഷം മുതൽ ദു:ഖവെള്ളിയാഴ്ചയോ അതിനോടനുബന്ധിച്ച ദിവങ്ങളിലോ ഇടവകകളിൽ നടത്തുക.

5) പിതൃവേദിയുടെ എക്സിക്കുട്ടൂവ് മീറ്റിംങ്ങിൽ ഒരിടവകയിൽ നിന്ന് ഒരാളെങ്കിലും വരത്തക്ക വിധത്തിൽ കമ്മിററി വിപുലീകരിക്കുക.

**റവ. ഡോ. ആന്റോ കരിപ്പായി**
പിതൃവേദി ഡയറക്ടർ

## സെമിനാരി വാർത്തകൾ

### 1. ജീവിതമാർഗ്ഗ ദർശനക്യാമ്പ്

ഹൊസൂർ രൂപതയിലെ 9, 10, +1, +2 പഠിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ജീവിതമാർഗദർശന ക്യാമ്പ് 2018 ഏപ്രിൽ 21 ാം തിയ്യതി വൈകീട്ട് 5 മണി മുതൽ 23 ാം തിയ്യതി ഉച്ചതിരിഞ്ഞ് 3 മണി വരെ സാന്തോം സ്നേഹതീരത്തിൽ വച്ച് നടത്തപ്പെട്ടു. 17 ഇടവകളിൽ നിന്നായി 101 പേർ പങ്കെടുത്തു. സെമിനാരി റെക്ടർ റവ. ഫാ. ആന്റോ കരിപ്പായി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ പിതാവ് വി. ബലിയർപ്പിച്ച് സന്ദേശം നൽകി. മോൺ വർഗീസ് പെരേപ്പാടൻ, ഫാ. ജാജു എളംകുന്നപ്പുഴ, ഫാ. ജോബി മേനോത്ത്, ശ്രീ. മിൽജു മാത്യു, ശ്രീ. അരുൺ വി. മാത്യു, റവ. സിസ്റ്റർ അൽഫോൻസ FCC എന്നിവർ ക്ലാസുകളെടുത്തു. ഫാ. വിനീഷ് വട്ടോളി, ശ്രീ. ജോമോൻ

& ഫാമിലി, റവ. സിസ്റ്റർ ലിസ്സ DBS എന്നിവർ അനുഭവങ്ങൾ പങ്കുവെച്ചു. കത്തീഡ്രൽ വികാരി റവ. ഫാ. ബിനോയ് പൊഴോലിപ്പറമ്പിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകുകയും സമ്മാനദാനം നടത്തുകയും ചെയ്തു. മതബോധന ഡയറക്ടർ റവ. ഫാ. ജിയോ കൈതാരത്ത് സമാപനസന്ദേശം നൽകി. വെരി. റവ. ഫാ. ആന്റോ കരിപ്പായി (റെക്ടർ), റവ. ഫാ. ജോഫിൻ കാപ്പിൽ (സാന്തോം ഡയറക്ടർ). റവ. ഫാ. അലക്സ് കല്ലേലി (പ്രോഗ്രാം കൺവീനർ), റവ. സിസ്റ്റർ ലിസ്സ DBS ശ്രീ. ഷിബു (മാനേജർ, സാന്തോം സ്നേഹതീരം) എന്നിവർ ക്യാമ്പിന് നേതൃത്വം നല്കി.രൂപതയിലെ ബ്രദേഴ്സും സിസ്റ്റേഴ്സും ആനിമേറ്റേഴ്സായി സഹായിച്ചു.

## 2. വൈദികവിദ്യാർത്ഥികളുടെ സമ്മേളനം

ഹൊസൂർ രൂപതയ്ക്കുവേണ്ടി വൈദികപരിശീലനം നടത്തികൊണ്ടിരിക്കുന്ന സെമിനാരിക്കാരുടെ സമ്മേളനം ഏപ്രിൽ 20 മുതൽ 30 വരെ സാന്തോം സ്നേഹതീരത്തിൽ വെച്ച് നടന്നു. 27 ാം തിയ്യതി മാസധ്യാനമായിരുന്നു. മാസധ്യാനത്തിന് ഫാ. ലിജോ ചിറ്റിലപ്പിള്ളി നേതൃത്വം നല്കി. മോൺ വർഗീസ് പെരേപ്പാടൻ സഭയെക്കുറിച്ചും ഹൊസൂർ രൂപതയെക്കുറിച്ചും ക്ലാസെടുത്തു. അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവുമായി കോൺഫറൻസ് ഉണ്ടായിരുന്നു. 29 ാം തിയ്യതി ഞായറാഴ്ച നീലാങ്കര, സെന്റ് തോമസ് മൗണ്ട്, അത്തിപ്പെട്ട്, വത്സരവാക്കം എന്നീ പള്ളികളിൽ അജപാലന അനുഭവത്തിനുവേണ്ടി സന്ദർശനം നടത്തി. മറ്റു ദിവസങ്ങളിൽ സ്നേഹതീരത്തിൽ വിവിധ ശുശ്രൂഷകളിൽ സഹകരിച്ചു.

## 3. ദൈവവിളി ക്യാമ്പ്

ഹൊസൂർ രൂപതയുടെ മൈനർ സെമിനാരി ഈ വരുന്ന ജൂലൈ 7 ാം തിയ്യതി സീറോ മലബാർ സഭാദ്ധ്യക്ഷൻ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് ഉദ്ഘാടനം ചെയ്യുകയാണ്. ഹൊസൂർ രൂപതയിൽ ചേർന്ന് വൈദികരാകാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കും ദൈവവിളിയെക്കുറിച്ച് വ്യക്തമായ ബോധ്യം ലഭിക്കാൻ ആഗ്രഹിക്കുന്നവർക്കുമായി മെയ് 27 ാം തിയ്യതി രാവിലെ 10 മണി മുതൽ 29 ാം തിയ്യതി ഉച്ചകഴിഞ്ഞ് 3 മണി വരെ സാന്തോം സ്നേഹതീരത്തിൽ വച്ച് ദൈവവിളി ക്യാമ്പ് സംഘടിപ്പിക്കുന്നു. ഈ വർഷം 10 ാം പരീക്ഷ എഴുതിയവരും ഉപരിവിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ ആൺകുട്ടികൾക്ക് പങ്കെടുക്കാവുന്നതാണ്.

**റവ. ഡോ. ആന്റോ കരിപ്പായി**
സെമിനാരി റെക്ടർ

# മതബോധനം

**I. സ്കോളർഷിപ്പ് എക്സാമിനേഷൻ വിജയികൾ**

2018 ഫെബ്രുവരി 25 നു നടത്തുന്നതാണ്. സെന്റ് മേരീസ് ചർച്ച്, അത്തിപ്പെട്ട്, സേക്രഡ് ഹാർട്ട് ചർച്ച്, കീല്ക്കട്ടലൈ എന്നീ പള്ളികളിൽ വച്ച് നടത്തപ്പെട്ട സ്കോളർഷിപ്പ് എക്സാമിനേഷനിൽ വിജയം കരസ്ഥമാക്കിയവർ

**Std IV**

| | | |
|---|---|---|
| I | - | Jovanna Mary Justin (Noothenchery) |
| II | - | Sara Thomas (Mugappair) |
| III | - | Aaron Jacob (Ayanavaram) |

**Std VII**

| | | |
|---|---|---|
| I | - | Ann Jacob (Ayanavaram) |
| II | - | Allen Joe (Perambur) |
| III | - | Rachel Denny (Noothenchery) |

**Std IX**

| | | |
|---|---|---|
| I | - | Danny Scaria (Keelkattalai |

**Std XI**

| | | |
|---|---|---|
| I | - | Milana C. Francis (Noothenchery) |
| II | - | Nayana B. Thomas (Mylappore) |
| III | - | Ancy V. J (Ottery) |

**II. Handwritten Magazine Competition:**

2018 ജനുവരി 21 ാം തിയ്യതി പെരമ്പൂർ, അത്തിപ്പെട്ട്, കീല്ക്കട്ടലൈ എന്നീ പള്ളികളിൽ വച്ച് നടത്തിയ കൈയ്യെഴുത്തു മാസിക മത്സരത്തിലെ വിജയികൾ:

| | | |
|---|---|---|
| **First Prize** | : | **Mugappair** |
| **Second Prize** | : | **Valsaravakkam** |
| **Third Prixe** | : | **Athipet** |

**ഫാ. ജിയോ കൈതാരത്ത്**
മതബോധന ഡയറക്ടർ

# റിലീജിയസ് കോർണർ

1. 28-04-2018 ശനിയാഴ്ച രാവിലെ 10 മണിക്ക് ഹൊസൂർ രൂപതയിൽ സേവനം ചെയ്യുന്ന സമർപ്പിതർക്കായുള്ള മാസധ്യാനം അയനാവരം പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെട്ടു. റവ. ഫാ. അരുൺ ചക്കാലക്കൽ മാസധ്യാനത്തിന് നേതൃത്വം നൽകി. എന്തിനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത് എന്ന ചോദ്യത്തോടെ അച്ചൻ വിളിയുടെ മാഹാത്മ്യത്തെ കുറിച്ച് മനസിലാക്കിത്തന്നു. ധ്യാനശേഷം ആരാധനയും തുടർന്ന് കുമ്പസാരവും ഉണ്ടായിരുന്നു. രൂപതയിലെ വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നും 35 സമർപ്പിതർ മാസധ്യാനത്തിൽ പങ്കെടുത്തു. ഭക്ഷണത്തിനുശേഷം മോൺ. റവ. ഫാ. ജോസ് ഇരിമ്പന്റെ നേതൃത്വത്തിൽ എല്ലാവരും ഒരുമിച്ചുകൂടുകയും, ഓരോ സന്യാസഭവനങ്ങളിലേയും വിശേഷങ്ങൾ പങ്കുവെക്കുകയും ചെയ്തു. ഇടവകകളെ ശക്തിപ്പെടുത്തൻ ഭവനസന്ദർശങ്ങളിലൂടെയും മതബോധനക്ലാസുകളിലൂടെയും മറ്റ് ഇടവക പ്രവർത്തനങ്ങളിലൂടെയും സമർപ്പിതർ ചെയ്യുന്ന എല്ലാ സേവനങ്ങൾക്കും അച്ചൻ നന്ദിപറയുകയും, ഇനിയും രൂപതയെ കൂടുതൽ ശക്തിപ്പെടുത്താനുള്ള സഹകരണം സമർപ്പിതരിൽനിന്നും ഉണ്ടാകണമെന്ന് ഓർമ്മപ്പെടുത്തുകയും ചെയ്തു. ഈ മാസം ജന്മദിനവും നാമഹേതുക തിരുന്നാളും ആഘോഷിക്കുന്ന എല്ലാ സമർപ്പിതർക്കും ആശംസകൾ നേരുകയും, രൂപതയിൽ നിന്ന് സ്ഥലംമാറിപ്പോകുന്ന എല്ലാവർക്കും രൂപതയുടെ പേരിലുള്ള നന്ദി പറയുകയും ചെയ്തു.

2. മെയ് 7 ന് എറണാവൂർ, സേക്രഡ് ഹാർട്ട് കോൺവന്റിന്റെ ജൂബിലി ആഘോഷിച്ചു.

3. എറണാവൂർ ഇടവകാംഗമായ ടീന ആന്റോ, 2018 മെയ് 2-ാം തിയതി സേക്രഡ് ഹാർട്ട് സന്യാസസമൂഹത്തിൽ വ്രതവാഗ്ദാനവും സഭാവസ്ത്ര സ്വീകരണവും നടത്തി. സി. ടീന എസ്. എച്ചിന് എല്ലാവരുടടേയും പേരിലുള്ള ആശംസകൾ അർപ്പിക്കുന്നു.

**റവ. സി. റിൻസി സി.എസ്.സി.**
അത്തിപ്പെട്ട്

**റവ. ഫാ. ആൻഡ്രൂസ് മാളിയേക്കൽ**
പ്രീസ്റ്റ് ഇൻ ചാർജ്ജ്, സമർപ്പിതർ

# പാസ്റ്ററൽ കൗൺസിൽ

## പാസ്റ്ററൽ കൗൺസിൽ പ്രഥമ സമ്മേളനം - റിപ്പോർട്ട്

ഹൊസൂർ രൂപത നിലവിൽ വന്നതിനു ശേഷം 20-1-2018 ഞായറാഴ്ച പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമസമ്മേളനം രൂപതാദ്ധ്യക്ഷൻ മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ അയനാവരം സെന്റ് പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. രൂപതയായതിന്റെ സന്തോഷം കൗൺസിൽ പങ്ക് വെച്ചു. സ്ഥലം മാറിപോയ ജനറൽ സെക്രട്ടറി ഫാ. മനോജ് കരിപ്പായിയെ നന്ദിയോടെ ഓർക്കുകയും പുതിയ ജനറൽ സെക്രട്ടറിയായി റവ. ഡോ. ആന്റോ കരിപ്പായിയെ തിരഞ്ഞെടുക്കുകയും ചെയ്തു. രൂപതയുടെ കർമ്മ പരിപാടികളെ കുറിച്ച് കൗൺസിൽ ചർച്ച ചെയ്തു. നിലവിലുള്ള പാസ്റ്ററൽ കൗൺസിൽ തുടരുമെന്ന് പിതാവ് അറിയിച്ചു. മോൺ. ഡോ. ഇരിമ്പൻ, പ്രോട്ടോസിഞ്ചല്ലൂസ്, മോൺ. ഡോ. വർഗ്ഗീസ് പെരേപ്പാടൻ എന്നിവർ സന്നിഹിതരായിരുന്നു.

**പാസ്റ്ററൽ കൗൺസിൽ രണ്ടാം സമ്മേളനം**

ഹൊസൂർ രൂപത നിലവിൽ വന്നശേഷമുള്ള പാസ്റ്ററൽ കൗൺസിലിന്റെ രണ്ടാമത്തെ സമ്മേളനം 2018 ജൂൺ മാസം 3-ാം തീയതി രാവിലെ 10. 30 മണി മുതൽ ഉച്ചതിരിഞ്ഞ് 3.30 മണിവരെ അയനാവരം സെന്റ്. തോമസ് പാസ്റ്ററൽ സെന്ററിൽ വച്ച് ഹൊസൂർ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന വിവരം സസന്തോഷം അറിയിക്കുന്നു.

പ്രസ്തുത സമ്മേളനത്തിൽ ഷംസാബാദ് രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ഫ്രാൻസിസ് എലുവത്തിങ്കൽ ക്ലാസ്സ് നയിക്കുന്നു. ഏറെ പ്രാധാന്യമുള്ള ഈ പാസ്റ്ററൽ കൗൺസിലിലേയ്ക്ക് താങ്കളുടെ വിലയേറിയ സാന്നിധ്യം പ്രതീക്ഷിക്കുന്നു.

### കാര്യപരിപാടികൾ

| | | |
|---|---|---|
| 10.30 am | : | പ്രാരംഭസമ്മേളനം |
| 11.00 am | : | ക്ലാസ്സ് |
| 01.00 pm | : | ഭക്ഷണം |
| 01.30 pm | : | പാസ്റ്ററൽ കൗൺസിൽ മീറ്റിംങ്ങ് |

**ജേക്കബ്ബ് ചക്കാത്ര**
സെക്രട്ടറി

**റവ. ഡോ. ആന്റോ കരിപ്പായി**
ജനറൽ സെക്രട്ടറി

# Santhome Snehatheeram

## Palm Sunday Collection 2018

| | | | |
|---|---|---|---|
| 1. | St. Thomas Syro Malabar Catholic Church, St. Thomas Mount | - | 28,644.00 |
| 2. | St. Alphonsa Syro Malabar Catholic Church, Kodambakkam | - | 44,815.00 |
| 3. | Divine Mercy Syro Malabar Catholic Church, Ambathur | - | 30,000.00 |
| 4. | Little Flower Syro Malabar Catholic Church, Valsaravakkam | - | 40,000.00 |
| 5. | St. Mary's Syro Malabar Catholic Church, Athipet | - | 26,200.00 |
| 6. | St. Jude Syro Malabar Catholic Church, Thiruvottiyur | - | 15,000.00 |
| 7. | Sathome Snehatheeram Old Age home community, Thiruvallur | - | 4,010.00 |
| 8. | St. Thomas Syro Malabar Catholi Church, Ayanavaram | - | 1,14,400.00 |
| 9. | St. Sebastian Syro Malabar Catholic Church, Ottery | - | 25,000.00 |
| 10. | St. Thomas Syro Malabar Catholic Church, Kovilpathagai, Avadi | - | 20,000.00 |
| 11. | St. Peter's Syro Malabar Catholic Church, IAF, Avadi | - | 32,150.00 |
| 12. | St. Sebastian's Syro Malabar Catholic Community, CRPF, Avadi | - | 4,050.00 |
| 13. | Christ King Syro Malabar Catholic Church, Poonamallee | - | 10,000.00 |
| 14. | St. Antony's Syro Malabar Catholic Church, Noothenchery | - | 44,800.00 |
| 15. | St. Alphonsa Syro Malabar Catholic Church, Pozhichallur | - | 47,640.00 |
| 16. | St. Joseph Syro Malabar Catholic Church, Peramboor | - | 41,050.00 |
| 17. | St. Camillus Syro Malabar Catholic Church, Neelankarai | - | 52,730.00 |
| 18. | Holy Cross Syro Malabar Catholic Church, Muggappair | - | 92,274.00 |
| 19. | Infant Jesus Syro Malabar Catholic Church, Pattabhiram, Avadi | - | 26,367.00 |
| 20. | St. George Syro Malabar Catholic Church, Eranavoor | - | 14,801.00 |
| 21. | Sacred Heart Syro Malabar Catholic Church Keelkattlai | - | 42,000.00 |
| 22. | St. Mother Theresa Syro Malabar Catholic Church,Velachery | - | 05,000.00 |
| 23. | St. Thomas Syro Malabar Catholic Parish, Santhome | - | 22,500.00 |

## മാതൃജ്യോതിസ്സ്

മാതൃജ്യോതിസ്സിന്റെ ജനറൽ ബോഡി മീറ്റിംങ് 2018 ഏപ്രിൽ 14-ാം തിയ്യതി രാവിലെ 10.30 ന് അയനാവരം പാസ്റ്ററൽ സെന്ററിൽ വെച്ച് പുതിയ ഡയറക്ടർ ഫാ. വിനീഷ് വട്ടോലിയുടെയും അസ്സി. ഡയറക്ടർ ഫാ. ലിജോ ചിറ്റിലപ്പിള്ളിയുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ചു. ഹൊസൂർ രൂപത വികാരി ജനറൽ മോൺ. ഡോ. വർഗീസ് പെരേപ്പാടൻ മീറ്റിംങ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി അമ്പതോളം അമ്മമാർ മീറ്റിംങ്ങിൽ പങ്കെടുത്തു. മാതൃജ്യോതിസ്സിന്റെ നേതൃത്വത്തിൽ അമ്മമാർക്കായ് ജൂൺ 14ന് ഹോളി ക്രോസ്സ് സീറോ മലബാർ ചർച്ച് മുഗപ്പേർ വെച്ച് ഒരു ഏകദിന സെമിനാർ നടത്തുവാൻ തീരുമാനിച്ചു. അതോടൊപ്പം തന്നെ മാതൃജ്യോതിസ്സ് സംഘടനയിലെ അമ്മമാരുടെ കൂട്ടായ്മയെ ശക്തിപ്പെടുത്തുന്നതിനും സംഘടനയിലേക്ക് കൂടുതൽ അമ്മമാരെ കൊണ്ടുവരുന്നതും ലക്ഷ്യം വെച്ച്, രൂപതാ തലത്തിൽ അമ്മമാർക്കായി കലാമത്സരങ്ങൾ സംഘടിപ്പിക്കാനും തീരുമാനിച്ചു. മത്സരത്തിൽ പങ്കെടുക്കുന്നവർ ജൂൺ 14ന് മുമ്പ് രജിസ്റ്റർ ചെയ്യണമെന്നും മത്സരങ്ങൾ ആഗസ്റ്റ് 11ന് നടത്തുവാനും തീരുമാനിച്ചു.

**റവ. ഫാ. ലിജോ ചിറ്റിലപ്പിള്ളി**
അസ്സി. ഡയറക്ടർ,മാതൃസംഘം

**റവ. ഫാ. വിനീഷ് വട്ടോലി**
ഡയറക്ടർ, മാതൃസംഘം

## ഇടയന്റെ ഇന്നലെകൾ

ഏപ്രിൽ 15 : അയനാവരം സെന്റ് തോമസ് പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്ന പിതൃവേദി ജനറൽ ബോഡി മീറ്റിംങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

ഏപ്രിൽ 15 : വേളാച്ചേരി. സെന്റ് മദർ തെരേസ ദേവാലയം കൂദാശ ചെയ്തു

ഏപ്രിൽ 21 : സാന്തോം സ്നേഹതീരത്ത് വെച്ച് നടന്ന ജീവിതമാർഗദർശന ക്യാമ്പിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

ഏപ്രിൽ 21: ഹൊസൂർ രൂപതയ്ക്ക് വേണ്ടിയുള്ള വൈദീക വിദ്യാർത്ഥികളുമായി കോൺഫ്രൻസ് നടത്തി

ഏപ്രിൽ 26 -1 : വാർഷിക ധ്യാനം ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ വെച്ച് നടത്തി.

## ഇടയന്റെ നാളെകൾ

മെയ് 7 : ജൂബിലി, സേക്രഡ് ഹാർട്ട് കോൺവെന്റ് എരണാവൂർ
മെയ് 8 : സ്ഥാപനദിനം, ഹോളി ഫാമിലി കോൺവെന്റ്, കീഴ്ക്കട്ടലൈ
മെയ് 29 : ദൈവവിളി ധ്യാനം, സാന്തോം സ്നേഹതീരം.